ഉത്തരം

(എ) ട്രെയിനിംഗ് നൽകുന്നില്ല. താൽക്കാലിക നിയമനമാണ് നൽകുന്നത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) സർക്കാർ സ്കൂളുകളിൽ നിന്നും കോഴ്സ് പൂർത്തിയായവർക്ക് അഞ്ചു വർഷം ബോണ്ട് പീരിയേഡ് പൂർത്തിയാക്കുവാൻ ഒഴിവു വരുന്നമുറയ്ക്ക് അതാത് ജില്ലകളിൽ പഠിച്ചവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ പോസ്റ്റിംഗ് നൽകാറുണ്ട്.

(ഇ) ഡി.എച്ച്.എസിൽ നിന്നും 109 പേരുടെ ലിസ്റ്റ് തിരുവനന്തപുരം ഡി.എം.ഒ.യ്ക്ക് താൽക്കാലിക നിയമനത്തിനായി ലഭിച്ചിട്ടുണ്ട്.

(എഫ്) ഈ ലിസ്റ്റിൽ നിന്നും ആർക്കും നിയമനം നൽകിയിട്ടില്ല.

നഴ്സിംഗ് സ്കൂളുകളിൽ ആൺകുട്ടികൾക്ക് പ്രവേശനം

110 (3870) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങളെ സ്വകാര്യ നഴ്സിംഗ് സ്കൂൾ ഉൾപ്പെടെയുള്ള നഴ്സിംഗ് സ്കൂളുകളിൽ ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മൊത്തം സീറ്റിന്റെ എത്ര ശതമാനമാണ് ആൺകുട്ടികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ നഴ്സിംഗ് സ്കൂളുകളിൽ ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും എതിർപ്പുകൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2004 ജനുവരി മുതൽ സംസ്ഥാനത്തെ സ്വകാര്യ നഴ്സിംഗ് സ്കൂളുകളിൽ ആൺകുട്ടികളേയും പ്രവേശിപ്പിക്കണമെന്ന് സംസ്ഥാന നഴ്സിംഗ് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) മൊത്തം സീറ്റിന്റെ 20% നീക്കിവെയ്ക്കാനാണ് കൗൺസിൽ തീരുമാനം.

(സി) ഇതു സംബന്ധിച്ച് ചില മാനേജുമെന്റുകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly